"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.അറ്റ-1/55/2024-ആഭ്യന്തരം
ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്.
തിരുവനന്തപുരം,
തീയതി: 10-12-2024

## സർക്കുലർ

വിഷയം:- ആഭ്യന്തര വകുപ്പ് - സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിച്ച് വിവരങ്ങൾ രേഖാമൂലം നൽകുന്നതിന് നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇൻറലിജൻസ്) ന്റെ 13-08-2024 തിയതിയിലെ ഇ3-53783/2024/എസ് ബി നം.കത്ത്.

വിദേശ രാജ്യങ്ങളിലെ ആവശ്യാർത്ഥം വിവിധ സർട്ടിഫിക്കറ്റുകൾ / രേഖകൾ എന്നിവയുടെ ഒറിജിനലുകൾ പൊതുജനങ്ങൾക്ക് സാക്ഷ്യപ്പെടുത്തി നൽകുന്നതിനുള്ള സംവിധാനമാണ് ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ളത്. പൊതുജനങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിനായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ/ രേഖകൾ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇൻറലിജൻസ്) മുഖേന ലഭിക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച ശേഷം മാത്രമാണ് സർക്കാർ സാക്ഷ്യപ്പെടുത്തി നൽകുന്നത്. സർട്ടിഫിക്കറ്റുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കാൻ സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ ബന്ധപ്പെട്ട സർക്കാർ ഓഫീസുകളിൽ പോയി ആവശ്യപ്പെടുമ്പോൾ ചില ഓഫീസുകളിൽ നിന്നും വിവരങ്ങൾ രേഖാമൂലം നൽകാൻ വിമുഖത കാണിക്കുന്നുതായും ചില അവസരങ്ങളിൽ വിവരങ്ങൾ വാക്കാൽ മാത്രം പറഞ്ഞുകൊടുക്കുന്ന പ്രവണതയും കണ്ടുവരുന്നു എന്നും അതിനാൽ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർക്ക് സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്താൻ ബുദ്ധിമുട്ടുണ്ടാകുന്നു എന്നും അതിനാൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസം നേരിടുന്നെന്നും അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇൻറലിജൻസ്) അറിയിച്ചിരിക്കുന്നു . ഇത് സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിച്ച് വ്യാജമല്ല എന്ന് ഉറപ്പുവരുത്താൻ സർക്കാരിനു ബുദ്ധിമുട്ടുണ്ടാക്കുന്നു .

അറ്റസ്റ്റേഷൻ സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിൽ ഉൾപ്പെട്ടതും

സമയബന്ധിതമായി പൊതുജനങ്ങൾക്ക് സേവനം ഉറപ്പാക്കേണ്ടതുമാണ് . അതിനാൽ ആഭ്യന്തര അറ്റസ്റ്റേഷനുമായി ബന്ധപ്പെട്ട് സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിന് വിവരങ്ങൾ ശേഖരിക്കുവാൻ സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ ബന്ധപ്പെട്ട സർക്കാർ ഓഫീസുകളിൽ എത്തി ആവശ്യപ്പെടുമ്പോൾ , ബന്ധപ്പെട്ട എല്ലാ സർക്കാർ ഓഫീസുകൾ / യൂണിവേഴ്സിറ്റികൾ /സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ആവശ്യപ്പെടുന്ന വിശദാംശങ്ങൾ /രേഖകൾ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന് രേഖകൾ സഹിതം സമയബന്ധിതമായി അന്നേ ദിവസം തന്നെ നൽകേണ്ടതാണ് . മേൽ നിർദ്ദേശങ്ങൾ പാലിക്കുവാനുള്ള കർശന നടപടികൾ വകുപ്പു തലവൻമാരും ഓഫീസ് മേധാവികളും സ്വീകരിക്കേണ്ടതാണ് .

BISHWANATH SINHA
ADDITIONAL CHIEF SECRETARY

ഉത്തരവിൻ പ്രകാരം

Signed by
Rajkala. V
Date: 12-12-2024 11:21:55

സെക്ഷൻ ഓഫീസർ

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും.
സെക്രട്ടറിയേറ്റിലെ നിയമം,ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാവകുപ്പ് മേധാവികൾക്കും.
(ജില്ലാ അധികാരികൾക്ക് നിർദ്ദേശം നൽകുന്നതിനായി)
അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇൻറലിജൻസ്)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്